പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 812** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ വനം-വന്യജീവി വിഷയങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന ആലുവ-മൂന്നാർ പഴയ രാജപാത തുറന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

**<u>മറുപടി:</u>** കോതമംഗലം നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന ആലുവ - മൂന്നാർ പഴയ രാജപാത തുറന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**(ബി)** കോതമംഗലം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കോതമംഗലം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം തടയുന്നതിന് കുട്ടമ്പുഴ റെയിഞ്ചിലെ ബ്ലാവന മുതൽ പൂയംകുട്ടി വരെ 2.0 കി.മീ. നീളത്തിലും കച്ചോലപ്പാറ മുതൽ കുറ്റിച്ചാൽ വരെ 3.0 കി.മീ. നീളത്തിലും ഹാങ്ങിംഗ് സോളാർ ഫെൻസ് സ്ഥാപിച്ചിട്ടുണ്ട്. NABARD TRANCHE XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 5.25 കി.മീ. നീളത്തിൽ സോളാർ ഫെൻസ് പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാർ ഡിവിഷനു കീഴിൽ NABARD TRANCHE XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 9.5 കി.മീ നീളത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസ്, 8.0 കി.മീ. നീളത്തിൽ ആനക്കിടങ്ങ് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 18.5 കി.മീ. നീളത്തിൽ സോളാർ ഫെൻസ് നിർമ്മാണം പുരോഗമിച്ചു വരികയും 2.5 കി.മീ നീളത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസിന് അനുമതി ലഭിച്ച് പ്രാരംഭ ഘട്ടത്തിലുമാണ്. കുട്ടമ്പുഴ റെയിഞ്ചിലെ കുതിരമുടി മുതൽ കുവപ്പാറത്തണ്ട് വരെ 3.5 കി.മീ. ഹാങ്ങിംഗ് സോളർ ഫെൻസ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഒപ്പുവച്ചിട്ടുണ്ട്.

കോതമംഗലം നിയോജക മണ്ഡലത്തിലെ ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി എത്തിപ്പെടുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായി നേരിടുന്നതിന് കോതമംഗലം, മൂന്നാർ ഡിവിഷനുകളുടെ കീഴിൽ ആർ.ആർ.ടി.കൾ, ഇന്റേണൽ ആർ.ആർ.ടി.കൾ, പി.ആർ.ടി.കൾ, സ്പെഷ്യൽ റിസർവ് ഫോഴ്സുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. എല്ലാ പഞ്ചായത്തുകളിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ഡ്രോൺ സ്ക്വാഡുകൾ, ക്യാമറ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം എന്നിവ ഉപയോഗിച്ച് നിരന്തര നിരീക്ഷണവും നടത്തിവരുന്നുണ്ട്.

വന്യജീവികൾ ജനവാസമേഖലയിലേക്ക് കടന്നുവരുന്നത് ഒഴിവാക്കാനായി വനത്തിനുള്ളിൽ തന്നെ അവയ്ക്ക് ഭക്ഷ്യ-ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ നവീകരിക്കുകയും പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്.

വനത്തിന് പുറത്ത് ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകിയിട്ടുള്ളതാണ്.

**(സി)** കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിനെയും വടാട്ടുപാറയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം നിർമ്മിക്കുന്നതിൽ വനംവകുപ്പിന്റെ എതിർപ്പ് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതും ആയത് കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**